ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നൂതന ചിന്തയും പരീക്ഷണാത്മക മനോഭാവവും കൊണ്ട് രാജ്യ പുരോഗതിക്ക് വിലമതിക്കാനാകാത്ത സംഭാവനയാണ് ഐഐടി അക്കാദമിക സമൂഹം നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that the IIT academic community is making valuable contribution to the progress of the country with its innovative thinking and experimental mindset.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ.

   **Prime Minister Narendra Modi's monthly radio address 'Mann Ki Baat' tomorrow.**

3. കേരളത്തിൽ വയനാട് ലോക്സഭാ മണ്ഡലത്തിലേക്കും, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ; നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റന്നാൾ.

   **In Kerala, the fronts have intensified their campaigns for the by-elections to Wayanad Lok Sabha constituency, Chelakkara and Palakkad assembly constituencies. Scrutiny of nomination papers will held day after tomarrow.**

4. സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ബഹിരാകാശ സാങ്കേതിക വിദ്യയുടെ സ്വാധീനം നിരന്തരം വളരുന്നതായി ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥ്.

   **ISRO Chairman S Somnath said the impact of space technology is constantly growing for the benefit of the common man.**

5. കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആറ് ജില്ലകളിൽമഞ്ഞ ജാഗ്രത.

   **The India Meteorological Department (IMD) has warned that there is a possibility of widespread rains in Kerala today. Yellow alert in six districts.**

6. ഇന്ത്യയ്ക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ന്യൂസിലൻഡ്. രണ്ടാം ടെസ്റ്റിൽ ഇന്ത്യയെ 113 റൺസിന് പരാജയപ്പെടുത്തി.

   **New Zealand won the Test series against India. New Zealand beat India by 113 runs in the second Test.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PRESIDENT BHILAI IIT

നൂതന ചിന്തയും പരീക്ഷണാത്മക മനോഭാവവും കൊണ്ട് രാജ്യത്തിൻ്റെയും ലോകത്തിൻ്റെയും പുരോഗതിക്ക് വിലമതിക്കാനാകാത്ത സംഭാവനയാണ് ഐഐടി അക്കാദമിക സമൂഹം നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 21-ാം നൂറ്റാണ്ടിലെ ലോകത്തെ രൂപപ്പെടുത്തുന്നതിൽ രാജ്യത്തെ ഐഐടികൾ നിർണായക പങ്കു വഹിക്കുന്നതായും രാഷ്ട്രപതി അഭിപ്രായപ്പെട്ടു . ഭിലായ് ഐഐടിയുടെ ബിരുദ ദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. ഗോത്രവർഗ സംസ്കാരവും പാരമ്പര്യവും കൊണ്ട് സമ്പന്നമാണ് ഛത്തീസ്ഗഢെന്നും സ്വാഭാവിക ജീവിതശൈലിയിലൂടെ സമാഹരിച്ച വിജ്ഞാനത്തിന്റെ കലവറയാണവരെന്നും രാഷ്ട്രപതി പറഞ്ഞു.

( VOICE)

ഗോത്ര സമൂഹത്തിൻ്റെ പുരോഗതിക്കായി സാങ്കേതിക മേഖലയിൽ പ്രത്യേക ശ്രമങ്ങളേയും കൃഷി, ആരോഗ്യം ,ധനകാര്യം എന്നീ മേഖലകളുമായി ചേർന്നുള്ള ഐഐടി യുടെ പ്രവർത്തനങ്ങളേയും രാഷ്ട്രപതി അഭിനന്ദിച്ചു. നവ റായ്പൂരിലെ ആരോഗ്യ ശാസ്ത്ര ആയുഷ് സർവകലാശാലയുടെ

ബിരുദദാനച്ചടങ്ങിലും രാഷ്ട്രപതി പങ്കെടുത്തു. എല്ലാ ഡോക്ടർമാരും അവരുടെ ഔദ്യോഗിക ജീവിതത്തിന്റെ കുറച്ച് വർഷങ്ങൾ ഗ്രാമീണ മേഖലകൾക്കായി നീക്കിവയ്ക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM-GUJARAT VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി തിങ്കളാഴ്ച ഗുജറാത്ത് സന്ദർശിക്കും. വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും. സ്പാനിഷ് പ്രധാനമന്ത്രിയോടോപ്പം ടാറ്റ എയർക്രാഫ്റ്റ് കോംപ്ലെക്സിൽ C-295 വിമാനത്തിന്റെ നിർമാണ യുണിറ്റ് ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ഭാരത് മാത സരോവർ പദ്ധതി ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി 4,900 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും അംറേലിയിൽ തുടക്കം കുറിക്കും. ഗുജറാത്ത് സന്ദർശനത്തിനിടെ 2,800 കോടി രൂപയുടെ റോഡ് വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. 700 കോടി രൂപയുടെ ജലവിതരണ പദ്ധതിയുടെ ഉദ്ഘാടനമാണ് പ്രധാനമന്ത്രി പങ്കെടുക്കുന്ന മറ്റൊരു പരിപാടി.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 115-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും. AIR News വെബ്സൈറ്റ്, newsonair മൊബൈൽ ആപ്പ് എന്നിവയിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## UNSC INDIA

യുഎൻ സുരക്ഷാ സമിതിയുടെ സംവാദത്തിൽ പാകിസ്ഥാൻ, കശ്മീർ വിഷയം ഉന്നയിച്ചതിനെ ഇന്ത്യ ശക്തമായി അപലപിച്ചു.

തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാനുള്ള പാകിസ്ഥാന്റെ തന്ത്രമാണ് ഇതെന്നും അനുചിതമായ പശ്ചാത്തലത്തിൽ പാകിസ്ഥാൻ രാഷ്ട്രീയ പ്രചരണമാണ് നടത്തുന്നതെന്നും യു എന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി .ഹരീഷ് അഭിപ്രായപ്പെട്ടു. "മാറുന്ന അന്തരീക്ഷത്തിൽ സ്ത്രീകളുടെ സമാധാനം " എന്ന വിഷയത്തിൽ യുഎൻ സുരക്ഷാ സമിതിയിൽ നടന്ന സംവാദത്തിലാണ് പാകിസ്ഥാൻ കശ്മീർ പരാമർശം നടത്തിയത് .

&&&&&&&&&&&&&&&&&&&

## FM-WORLD BANK

ഡിജിറ്റൽ ഉൾച്ചേർക്കൽ, സുസ്ഥിര ഊർജ്ജം എന്നീ മേഖലകളിൽ ഗ്ലോബൽ സൗത്തിന്റെ അനുഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നൂതനാശയങ്ങളുടെ കൈമാറ്റം പ്രോത്സാഹിപ്പിക്കണമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ ലോക ബാങ്കിനോട് അഭ്യർഥിച്ചു. വാഷിംഗ്ടൺ ഡി സിയിൽ ലോക ബാങ്കിന്റെ വാര്ഷിക യോഗത്തിന്റെ ഭാഗമായി 'ഭാവിക്കായി സജ്ജമായ ലോകബാങ്ക് ഗ്രൂപ്പ് എന്ന വികസന സമിതി പ്ലീനറി സെഷനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു ധനമന്ത്രി. മത്സരാധിഷ്ഠിത വിലനിർണ്ണയത്തിലൂടെ വിശാലമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന രീതിയിലേക്ക് ലോക ബാങ്കിനെ മാറ്റണമെന്നും ധനമന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

## HEAD LINE – 3

## ELECTION

കേരളത്തിലെ ചേലക്കര, പാലക്കാട് അടക്കം വിവിധ സംസ്ഥാനങ്ങളിലെ 47 നിയമസഭാ മണ്ഡലങ്ങളിലും വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ. വയനാട് ലോക്സഭ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിനായി യുഡിഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി തിങ്കളാഴ്ച വീണ്ടും മണ്ഡലത്തിൽ എത്തും. എൽ ഡി എഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി ഇന്ന് ബത്തേരി നിയമസഭാ മണ്ഡലത്തിലാണ് പ്രചാരണം നടത്തിയത്. സത്യൻ

മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ജില്ലയിലെത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസ് ഇന്ന് തിരുവമ്പാടി നിയമസഭാ മണ്ഡലത്തിലാണ് പര്യടനം നടത്തിയത്. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റന്നാൾ നടക്കും. ഈ മാസം 30 വരെ പത്രിക പിൻവലിക്കാനുള്ള അവസരമുണ്ട്.

വോട്ടെടുപ്പ് അടുത്ത മാസം 13നാണ്. എന്നാൽ മഹാരാഷ്ട്രയിലെ നന്ദേഡ് ലോക്സഭാ മണ്ഡലത്തിലെയും ഉത്തരാഖണ്ഡിലെ കേദാർനാഥ് നിയമസഭാ മണ്ഡലത്തിലെയും വോട്ടെടുപ്പ് നവംബർ 20 നാണ്. വോട്ടെണ്ണൽ നവംബർ 23ന് നടക്കും.

&&&&&&&&&&&&&&&&&&

**ISRAEL -IRAN**

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു .ഇറാനിലെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇസ്രായേൽ ഇന്ന് വൻ വ്യോമ ആക്രമണം നടത്തി. . 100 ഓളം യുദ്ധ വിമാനങ്ങൾ ആക്രമണത്തിൽ പങ്കെടുത്തതായി ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു . സംഘർഷത്തെ തുടർന്ന് എല്ലാ വിമാന സർവീസുകളും ഇറാൻ അനിശ്ചിത കാലത്തേയ്ക്ക് റദ്ദ് ചെയ്തു .അതേസമയം , ഈ മാസം ഒന്നിന് ഇറാൻ നടത്തിയ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തിനുള്ള മറുപടിയായാണ് ഇന്നത്തെ ആക്രമണമെന്ന് ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. എന്നാൽ, ഇറാനെതിരായ ആക്രമണത്തിൽ പങ്കില്ലെന്ന് അമേരിക്ക വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEAD LINE – 4**

**SOMNATH ISRO - IIT DELHI**

സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ബഹിരാകാശ സാങ്കേതിക വിദ്യയുടെ സ്വാധീനം നിരന്തരം വളരുന്നതായി ഐഎസ്ആർഒ ചെയർമാൻ ഡോ. എസ് സോമനാഥ്. ഡൽഹി ഐഐടി യിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**ISRO - AIR INTERVIEW (INTRO)**

സ്വന്തം മണ്ണിൽ നിന്ന് പേടകം വിക്ഷേപിക്കാനുള്ള കഴിവാണ് രാജ്യത്തിൻ്റെ ഏറ്റവും വലിയ ശക്തിയെന്ന് ISRO ചെയർമാൻ എസ്. സോമനാഥ് പറഞ്ഞു. അടുത്ത 10 വർഷം കൊണ്ട് ബഹിരാകാശ സമ്പത്ത് വ്യവസ്ഥയിൽ ഇന്ത്യയുടെ സംഭാവന 10 ശതമാനമായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

ന്യൂഡൽഹിയിൽ ആകാശവാണിയുടെ രംഗ് ഭവനിൽ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു ശ്രീ സോമനാഥ്.

&&&&&&&&&&&&&&&&&&

**REV ODISHA-CYCLONE**

ഒഡീഷയിൽ ദാന ചുഴലിക്കാറ്റിനെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. ശക്തമായ മഴയിലും കാറ്റിലും നിരവധി മരങ്ങൾ കടപുഴകി വീഴുകയും 2.8 ഹെക്ടർ പ്രദേശത്തെ കൃഷി നശിക്കുകയും ചെയ്തു. നാശനഷ്ടം വിലയിരുത്താൻ കേന്ദ്ര - സംസ്ഥാന സംഘങ്ങൾ ദുരിത ബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**RAIN - KERALA**

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലയോര മേഖലകളിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നിലവിലുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## CRICKET

ന്യൂസിലൻഡിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് തോൽവി. 113 റൺസിനാണ് കിവീസ് ഇന്ത്യയെ പരാജയപ്പെടുത്തിയത്. 359 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സിൽ ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യ, 60.2 ഓവറിൽ 245 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. ഇതോടെ മൂന്നു മത്സരങ്ങൾ അടങ്ങിയ പരമ്പര ന്യൂസീലൻഡ് സ്വന്തമാക്കി. ആദ്യ ടെസ്റ്റിലും കിവീസ് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു. പരമ്പരയിലെ മൂന്നാം മത്സരം നവംബർ ഒന്നു മുതൽ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കും.

&&&&&&&&&&&&&&&&&&

## SPAIN PRESIDENT

സ്പെയിൻ പ്രസിഡൻ്റ് പെഡ്രോ സാഞ്ചസ് നാളെ മുതൽ മൂന്ന് ദിവസം ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. 18 വർഷങ്ങൾക്ക് ശേഷമാണ് സ്പെയിൻ പ്രസിഡണ്ട് ഇന്ത്യ സന്ദർശിക്കുന്നത് . സന്ദർശന വേളയിൽ  അദ്ദേഹം ,പ്രധാനമന്ത്രി മോദിയുമായി പ്രതിനിധിതല ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&&&

## BHOPAL-MURUGAN

പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത സ്വച്ഛത അഭിയാനിൽ ഏറെ ഉത്സാഹത്തോടെയാണ് ജനങ്ങൾ പങ്കെടുത്തതെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുഗൻ. ശുചിത്വവുമായി ബന്ധപ്പെട്ട് ഭോപ്പാലിൽ പ്രസ് ഇൻഫർമേഷൻ ബ്യൂറോയും മുനിസിപ്പൽ കോർപ്പറേഷനും സംയുക്തമായി സംഘടിപ്പിച്ച 'വാർത്താലാപ്' പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ വീടുകളിലും ശുചിത്വ പ്രവർത്തനങ്ങൾ നടന്നത് ജനങ്ങൾ ഇത് ഏറ്റെടുത്തതിന്റെ തെളിവാണെന്നും ശ്രീ മുരുഗൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV. MOS REVIEW

ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ പുരോഗതി കേന്ദ്ര സഹമന്ത്രി മനോഹർ ലാൽ വിലയിരുത്തി. തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ , ചീഫ് സെക്രട്ടറി, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതനായിരുന്നു. 2007 -ലാണ് CMRL 22,150 കോടി ചെലവിൽ 54.1 കിലോ മീറ്റർ രണ്ട് വരി പാതാ വികസനം ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&